LIBRARY ARCHIVES Kerala Legislative Assembly

സുനാമി ദുരന്തത്തോടനുബന്ധിച്ച് മത്സ്യത്തൊഴിലാളികൾക്കുണ്ടായ നഷ്ടം

141 [290] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തം മൂലം സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് എത്ര കോടി രൂപയുടെ നഷ്ടം സംഭവിച്ചുവെന്നാണ് മത്സ്യബന്ധന വകുപ്പ് കണക്കാക്കിയിട്ടുള്ളത്;

(ബി) ഇതിൽ ബോട്ടുകൾ പൂർണ്ണമായി നശിച്ചത് എത്രയെന്നും, ഭാഗികമായി കേടുവന്നത് എത്രയെന്നും വെളിപ്പെടുത്താമോ;

(സി) പഞ്ചായത്ത് തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(ഡി) ഇവർക്ക് എത്ര രൂപ ഇതിനകം സാമ്പത്തിക സഹായമായി നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) യഥാർത്ഥ നഷ്ടം കണക്കാക്കി വരുന്നതേയുള്ളൂ.

(ബി) പ്രാഥമിക കണക്കനുസരിച്ച് 6 യന്ത്രവൽകൃത ബോട്ടുകൾ പൂർണ്ണമായി നശിക്കുകയും 60-ഓളം ബോട്ടുകൾ സാരമായ കേടുപാടുകൾ പറ്റിയതുമൂലം പ്രവർത്തനക്ഷമമല്ലാതാകുകയും 336 എണ്ണം ഭാഗികമായി കേടാവുകയും ചെയ്തിട്ടുണ്ട്.

(സി) കണക്കെടുപ്പ് പൂർത്തിയായിട്ടില്ല.

(ഡി) വിവിധ പദ്ധതികളിലൂടെ സാമ്പത്തിക സഹായം നൽകിവരുന്നതേയുള്ളൂ. യഥാർത്ഥ കണക്ക് തിട്ടപ്പെടുത്തിയിട്ടില്ല.

ഫിഷറീസ് ആശുപത്രികൾക്കുള്ള പ്രത്യേക പരിഗണന

142 [297] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള ഫിഷറീസ് ആശുപത്രികൾക്ക് എന്തെങ്കിലും പ്രത്യേക പരിഗണന അനുവദിക്കുന്നുണ്ടോ;

(ബി) ഫിഷറീസ് പി.എച്ച്.സി.-യിൽ രോഗികളെ കിടത്തി ചികിത്സിക്കാൻ ഫിഷറീസ് വകുപ്പ് പ്രത്യേക സൗകര്യം ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫിഷറീസ് ഡിസ്പെൻസറിക്ക് ആവശ്യമായ കെട്ടിടം നിർമ്മിച്ച് ആരോഗ്യ വകുപ്പിന് കൈമാറി കഴിഞ്ഞാൽ ആശുപത്രിയുടെ ഭരണപരമായ നടത്തിപ്പ് ആരോഗ്യ വകുപ്പിന്റെ ചുമതലയാണ്. രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് കൂടുതൽ സ്ഥലസൗകര്യം ആവശ്യമാണെന്ന് ആരോഗ്യ വകുപ്പ് അറിയിക്കുകയാണെങ്കിൽ കൂടുതൽ സ്ഥലസൗകര്യം ഏർപ്പെടുത്തുന്ന കാര്യം ഫിഷറീസ് വകുപ്പ് ആലോചിക്കുന്നതാണ്.

സ്പോർട്സ് വികസനത്തിനുള്ള പദ്ധതി വിഹിതം

143 [305] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2003-2004 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ സ്പോർട്സ് വികസനത്തിനായി എത്ര തുക വകയിരുത്തിയിരുന്നുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

കായിക യുവജന വകുപ്പ് മുഖേന സ്പോർട്സ് വികസനത്തിനായി 2003-2004 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതിയിനത്തിൽ 125 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇതിനുപുറമെ കേന്ദ്ര ഗവൺമെന്റ് അനുവദിച്ച അധിക കേന്ദ്ര സഹായത്തിന്റെ അടിസ്ഥാനത്തിൽ 345 ലക്ഷം രൂപ കൂടി അനുവദിക്കുകയുണ്ടായി. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് പ്ലാൻ ഇനത്തിൽ 735 ലക്ഷം രൂപയും നോൺ പ്ലാൻ ഇനത്തിൽ 219 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. ഇതിനുപുറമെ ശ്രീമതി അഞ്ചു ബോബി ജോർജിന് ക്യാഷ് അവാർഡായി നോൺ പ്ലാൻ ഇനത്തിൽ 5 ലക്ഷം രൂപ കൂടി ലഭിക്കുകയുണ്ടായി. കൂടാതെ, സ്കൂൾ കായിക വിദ്യാഭ്യാസത്തിനായി ഒരു കോടി രൂപ അഡീഷണൽ ആതറൈസേഷനായി വകയിരുത്തുകയുണ്ടായി.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly